സ്റ്റാൻഡേർഡ് VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

1. ചുവടെ നൽകിയിട്ടുള്ളതിൽ രാജ്യസഭയുടെ അധ്യക്ഷൻ ആരാണ്? (1)
(രാഷ്ട്രപതി, സ്പീക്കർ, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി)
2. വെങ്കലയുഗ സംസ്കാരങ്ങളുടെ പൊതുസവിശേഷതകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. (2)
3. ഭൂമിയുടെ ഉള്ളറയെക്കുറിച്ച് മനസ്സിലാക്കുന്നതിന് സഹായകമായ ഏതെങ്കിലും രണ്ട് മാർഗ്ഗങ്ങൾ എഴുതുക. (2)
4. നവീന ശിലായുഗത്തിൽ മനുഷ്യജീവിതം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കാനിടയായ കാരണങ്ങൾ ഏതെല്ലാം? (2)
5. രാജ്യസഭയുടെ ഏതെങ്കിലും രണ്ട് സവിശേഷതകൾ രേഖപ്പെടുത്തുക. (2)
6. എ കോളത്തിന് യോജിച്ചവ ബി കോളത്തിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക. (4)

| എ | ബി |
|---|---|
| ഹരപ്പൻ സംസ്കാരം | ഹൈറോഗ്ലിഫിക്സ് |
| ഈജിപ്ഷ്യൻ സംസ്കാരം | ക്യൂണിഫോം |
| ചൈനീസ് സംസ്കാരം | വലിയകുളം |
| മെസൊപ്പൊട്ടാമിയൻ സംസ്കാരം | ഹൊയാങ്ഹോ |

**7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം (6 x 3 = 18)**

7. കേരളത്തിലെ നവീനശിലായുഗ കേന്ദ്രമേത്? അവിടെയുള്ള ഗുഹാചിത്രങ്ങളിൽ കാണുന്ന രണ്ട് പ്രത്യേകതകൾ രേഖപ്പെടുത്തുക.
8. രാഷ്ട്രപതിയുടെ ഏതെങ്കിലും മൂന്ന് ചുമതലകൾ എഴുതുക.
9. ഈജിപ്ഷ്യൻ ജനതയുടെ ശാസ്ത്ര - ഗണിത രംഗത്തെ നേട്ടങ്ങൾ സംബന്ധിച്ച് കുറിപ്പ് തയാറാക്കുക.
10. ഹൈക്കോടതിയുടെ അധികാരപരിധി വ്യക്തമാക്കുക?
11. അപക്ഷയ പ്രവർത്തനങ്ങൾ മനുഷ്യന് സഹായകരമാകുന്നതെങ്ങനെ?

12. മണ്ണിന്റെ രൂപീകരണത്തെ സ്വാധീനിക്കുന്ന ഏതെങ്കിലും മൂന്ന് ഘടകങ്ങൾ വിശദമാക്കുക.

13. കാര്യനിർവഹണ വിഭാഗത്തെ നിയന്ത്രിക്കുക എന്ന ചുമതല പാർലമെന്റ് എങ്ങനെയാണ് നിറവേറ്റുന്നത്?

**14 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ (1 x 4 = 4)**

14. മധ്യശിലായുഗത്തിൽ മനുഷ്യജീവിതത്തിലുണ്ടായ പുരോഗതികൾ വിശദമാക്കുക?

15. ഹരപ്പൻ സംസ്കാരത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു?

**16 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ (1 x 5 = 5)**

16. നവീനശിലായുഗത്തിൽ സാങ്കേതിക രംഗത്ത് മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ വിവരിക്കുക.

17. ഭൂമിയുടെ ഉള്ളറയിലെ വിവിധ പാളികൾ ഏതൊക്കെയെന്ന് എഴുതി ഏതെങ്കിലും രണ്ടെണ്ണം വിശദമാക്കുക.